**Weekly Devotion - July -2016** **Week:2**

# THE LORD WHO SANCTIFIES




(

## ശുദ്ധീകരിക്കുന്ന യഹോവ)

21-08-05 ൽ കൊയിലാണ്ടി റയിൽവേഗേറ്റിനു സമീപം രണ്ട് മരണം നടന്ന പത്രവാർത്ത കാണുകയുണ്ടായി. അശ്രദ്ധമൂലവും , എളുപ്പം അപ്പുറം കടക്കുവാനുള്ള ധൃതിയുമാണ് സമാന്തരപാതകൾ പലത് ഉള്ളി ടത്ത് ഈ അപകടം ഉണ്ടാകുവാനിടയായത്. ഒരു ട്രാക്ക്മാൻ Intercity Express വരുന്നതു ശ്രദ്ധിച്ച് അടുത്ത ട്രാക്കിലൂടെ നടന്നപ്പോൾ ആ ട്രാക്കിൽകൂടി വന്ന ട്രെയിൻ ഇടിച്ച് തെറിപ്പിച്ചു. മറ്റൊരാൾ , ആദ്യട്രെയിൻ പോയ പിറകെ പാളം വേഗം കുറുകെ കടന്നു, അടുത്ത പാളത്തിലെ ട്രെയിൻ കണ്ടില്ല. അത് അയാളെ തകർത്ത് ദൂരെക്കളഞ്ഞു. രക്ഷപെട്ടവ രായി നിത്യതയിലെത്താൻ സമാന്തര വഴിയോ, എളുപ്പവഴിയോ സഹായി ക്കുകയില്ല. അത് മരണത്തിലേക്ക് എത്തിക്കുന്നു.

യഹോവ തന്റെ ജനം ചെയ്യേണ്ട കാര്യങ്ങൾ മോശയോട് വ്യക്തമാ ക്കുന്നു. നിങ്ങൾ ശബ്ബത്തുകൾ ആചരിക്കണം ഞാൻ നിങ്ങളെ ശുദ്ധീകരി

ക്കുന്ന യഹോവ ആകുന്നു. (പുറ:31:12). തുടർന്ന് ലേവ്യ(22:22)ൽ പറയുന്നു എന്റെ വിശുദ്ധനാമത്തെ നിങ്ങൾ അശുദ്ധമാക്കരുത് .''ഞാൻ യിസ്രാ യേൽ മക്കളുടെ ഇടയിൽ ശുദ്ധീകരിക്കപ്പെടണം'' ഞാൻ നിങ്ങളെ ശുദ്ധീക രിക്കുന്ന യഹോവ ആകുന്നു.എബ്രായഭാഷയിൽ 'JEHOVA-M'KADDESH' എന്ന് പറയുന്നു. 'JEHOVA-M'KADDESH' is the Holy one who demands holiness from His children.




## ശുദ്ധീകരിക്കുന്ന വിധങ്ങൾ

### 1.വചനത്താലുള്ള ശുദ്ധീകരണം

''ഞാൻ നിങ്ങളോട് സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധി യുള്ളവരാകുന്നു.(യോഹ:15:3) ഉദാഹരണമായി യോഹന്നാൻ നാലാമദ്ധ്യാ യത്തിൽ കിണറിന്റെ അരികിൽ വെള്ളം കോരുവാൻ നിൽക്കുന്ന ശമര്യ്യ സ്ത്രീയെ കണ്ട യേശു തന്റെ വാക്കുകളാൽ അവളെ ശുദ്ധീകരിക്കുന്നു. അവളുടെ ജീവിതത്തെ അറിയുന്ന വ്യക്തിയാണ് താനെന്ന് യേശു വെളി പ്പെടുത്തുന്നു. അവളോട് ദാഹജലം ചോദിച്ചതാരെന്നും, അദ്ദേഹം സൗജ

ന്യമായി നൽകുന്ന വെള്ളം കുടിക്കുന്നവന് ഒരിക്കലും ദാഹിക്കയില്ലെന്നു മുള്ള അവളുടെ അറിവില്ലായ്മയെ യേശു വ്യക്തമാക്കിക്കൊടുക്കുന്നു. ഈ വെളിപ്പെടുത്തൽ മൂലം 'യഹൂദൻ' എന്ന വിളിയിൽ ആരംഭിച്ചവൾ 'യജ മാനൻ' എന്ന സംബോധനയിലെത്തി. തുടർന്ന് മറ്റുള്ളവരിൽ നിന്ന് മറച്ചു വച്ച രഹസ്യം (അഞ്ച് ഭർത്താക്കൻമാർ ഉണ്ടായിരുന്നത്)യേശു വെളിപ്പെടു ത്തുകയും ആരാധന എപ്രകാരം ആയിരിക്കേണം എന്നത് പഠിപ്പിക്കു കയും ചെയ്തു. അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും, സത്യ ത്തിലും അവനെ നമസ്ക്കരിക്കേണമെന്ന ആരാധനയുടെ ആദ്യപാഠം പഠി ച്ചവൾ യജമാനൻ എന്ന വിളി പ്രവാചകൻ എന്നും അവസാനം മശിഹാ എന്ന സംബോധനയിലെത്തുകയും ചെയ്തു. യേശു അവളോട് സംസാ രിച്ചപ്പോൾ വചനമെന്ന നീരൊഴുക്ക് ശക്തിയായി അവളുടെ ഉള്ളത്തെ ശുദ്ധീകരിച്ചു. അതിനാൽ അവൾ യേശുവിനെ രക്ഷകനായി സ്വീകരിച്ചു.

## (2) ആളെ അയച്ച് ശുദ്ധീകരിക്കുന്ന ദൈവം

ഒരു വ്യക്തിയുടെ തെറ്റിനെ ചൂണ്ടിക്കാട്ടുവാൻ ചിലപ്പോൾ ദൈവം മറ്റൊരു വ്യക്തിയെ അയയ്ക്കുന്നു. 51-ാം സങ്കീർത്തനത്തിൽ ദാവീദു രാജാവ് ചെയ്ത തെറ്റിനെ ബോദ്ധ്യപ്പെടുത്തുവാൻ ദൈവം നാഥാൻ പ്രവാചകനെ അയച്ചതിന്റെ പരിണിതഫലം കാണുന്നു. വ്യക്തിപരമായി നമ്മെയും ദൈവം അറിയുന്നുണ്ട്. അതിനാൽ നമ്മെയും ശുദ്ധീകരണ ത്തിൽ നിർത്തുവാനായി തന്റെ വചനവുമായി പലരെയും പലമാധ്യമങ്ങൾ വഴി ദൈവം അയയ്ക്കുന്നു. നാം അത് ഏറ്റെടുക്കാറുണ്ടോ ?

തെറ്റ് മനസ്സിലാക്കിയ രാജാവ് ദൈവമുമ്പാകെ താൻ പാപം ചെയ്തു എന്ന് സമ്മതിക്കുന്നു. തെറ്റിനെ ന്യായീകരിക്കുന്ന സമൂഹത്തിന് ഇതൊരു പാഠമാകട്ടെ. കടുംചുവപ്പായ എന്റെ പാപം ഹിമത്തേക്കാൾ വെളുക്കുവാൻ എന്നെ അങ്ങ് തന്നെ നന്നായി കഴുകേണമേ എന്ന്

തകർന്നും നുറുങ്ങിയതുമായ ഹൃദയത്തോടെ ആവശ്യക്കാരൻ യാചിക്കുന്നു. സർവ്വശക്തനായ ദൈവം കൃപയാകുന്ന കാരം ഇട്ട് കഴുകിയാൽ മാത്രമേ അത് വെണ്മയുള്ളതാകുകയുള്ളൂ. നമ്മിൽ പാപബോധം വരുത്തുവാൻ, ദൈവം അയയ്ക്കുന്ന മാർഗ്ഗത്തെ മനസ്സിലാക്കി സ്വീകരിക്കുക

യഹൂദമതസ്ഥനായി ക്രിസ്ത്യാനികളെ ഉപദ്രവിച്ചു നടന്ന പൗലോസിനെ തന്റെ പ്രകാശത്താലും ശബ്ദത്താലും വീണ്ടെടുത്ത ദൈവം അനന്യാസിനെയാണ് പൗലോസിന്റെ അടുക്കലേക്കയച്ചത്. എന്നാൽ അന്നും ഇന്നും മുൻപ് മുടിച്ച വിശ്വാസത്തെ പ്രസംഗിക്കുന്ന പൗലോസിനെ നോക്കി സഭ ദൈവത്തെ മഹത്വപ്പെടുത്തുന്നു. യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു എന്ന് യോഹന്നാന്റെ ലേഖനം (1:7)ൽ കാണുന്നു. അതിനാൽ പാപബോധമുള്ളവരായി ശുദ്ധീകരിക്കണം പ്രാപിഷ്പാൻ നമുക്ക് ഏല്പിച്ചു കൊടുക്കാം.

**(3) പരിശോധനകളാലുള്ള ശുദ്ധീകരണം.**

ഒരിക്കൽ ഒരു വിദേശി കളിമൺ പാത്രം നിർമ്മിക്കുന്നത് കാണുവാൻ കുശവന്റെ പണിശാലയിലെത്തി.മുറിയുടെ മൂലയിൽ കൂട്ടിയിട്ടിരിക്കുന്ന കളിമൺ കൂന തടികൊണ്ടുള്ള ചുറ്റികയാൽ ഒരാൾ അടിച്ച് പൊടിക്കുന്നത് കണ്ട വിദേശി നിങ്ങൾ എന്തിനാണ് ഇങ്ങനെ ചെയ്യുന്നത് എന്ന് ചോദിച്ചു. കാത്തിരുന്ന് കാണുക എന്നാണ് മറുപടി ലഭിച്ചത്. വായു കണങ്ങൾ കുമിളകളായി ഉയരുന്നതും പൊട്ടിചിതറുന്നതും വിദേശി കണ്ടു. തുടർന്ന് മനോഹരമായ പാത്രം ഉണ്ടാക്കുന്നതും അദ്ദേഹം കണ്ടു.

പത്രോസിന്റെ ജീവിതത്തിലെ ചില കുമിളകൾ പൊട്ടിച്ചുകളഞ്ഞാണ് യേശു അവനെ മാനപാത്രമാക്കിയത്. ഓരോ പ്രാവശ്യവും യേശു അവന്റെ അടുക്കലെത്തിയത് അവനെ തള്ളിക്കളയുവാനല്ലായിരുന്നു.

വീണ്ടെടുക്കുവാനായിരുന്നു. ഇപ്രകാരം നമ്മിലുള്ള പാപകുമിളകളെ പൊട്ടിച്ച് മാനപാത്രമാക്കുവാൻ നമുക്ക് ഏല്പിച്ച് കൊടുക്കാം.

## (4) പ്രാർത്ഥനയാലുള്ള ശുദ്ധീകരണം

പ്രാർത്ഥനയാൽ വിശുദ്ധീകരിക്കപ്പെടുന്നു എന്ന് (1തിമൊ:4:5)ൽ കാണുന്നു. അലസത, ഉറക്കം മുതലായ പാപങ്ങൾ അനുസരണക്കേട് ഇവ നമ്മെയും മറ്റുള്ളവരെയും തകർക്കാതിരിപ്പാൻ നമുക്ക് ഉപവസിച്ച് പ്രാർത്ഥിക്കാം.

## (5) ജീവിതവസ്ത്രം അലക്കി ശുദ്ധീകരിക്കുന്നു.

ദൈവീകസിംഹാസനത്തിന് മുമ്പിലിരുന്ന് രാപ്പകൽ പിതാവിനെ പാടിസ്തുതിക്കുന്നവരാകുവാൻ യേശുവിന്റെ രക്തത്താൽ നമ്മുടെ വസ്ത്രം കഴുകിയേ മതിയാകുകയുള്ളൂ. ഇപ്രകാരം അങ്കി അലക്കി വെളുപ്പിച്ച് ഗോപുരത്തിൽ കൂടി അകത്തുകടക്കുന്ന ഭാഗ്യവാൻമാരായിത്തീരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

## പ്രാർത്ഥന

ഞങ്ങളുടെ വീണ്ടെടുപ്പുകാരനായ യഹോവേ, അങ്ങയുടെ രക്തത്താൽ ഞങ്ങളെ വീണ്ടെടുക്കുന്ന സ്നേഹം എത്ര വലുതാകുന്നു. ഞങ്ങളുടെ പലവിധ പാപകുമിളകളെ പൊട്ടിച്ചുകളഞ്ഞ് അങ്ങയുടെ കൂടെ നിത്യതയിലെത്തുവാനുള്ള ഭാഗ്യം പ്രാപ്യമാക്കുവാൻ ഇടയാക്കേണമേ

ആമേൻ

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind